LIBRARY ARCHIVES Kerala Legislative Assembly

കേരള വാട്ടർ അതോറിറ്റി: 2013-14 വർഷത്തിൽ ഏറനാട് നിയോജക മണ്ഡലത്തിൽ ജില്ലാ കളക്ടറുടെ വരൾച്ചാ ദുരിതാശ്വാസ പദ്ധതി പ്രകാരം 48 പ്രവൃത്തികൾക്ക് 75.70 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 32 എണ്ണം നടപ്പാക്കുകയും 16 എണ്ണം ഉപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന് 47.2 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേരള വാട്ടർ അതോറിറ്റിയുടെ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ 15 പ്രവൃത്തികളിൽ 2 എണ്ണം ഉപേക്ഷിക്കുകയും നടപ്പാക്കിയ 13 പ്രവൃത്തികൾക്ക് നാളിതുവരെ 17.84 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ഭൂജല വകുപ്പ്: വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂജല വകുപ്പ് രണ്ട് മിനി കുടിവെള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും അവ രണ്ടും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	സ്ഥലം	പഞ്ചായത്ത്	നിയോജക മണ്ഡലം	സ്കീം	ചെലവഴിച്ച തുക
1	വലിയാറകുണ്ട്	കുഴിമണ്ണ	ഏറനാട്	മിനി കുടിവെള്ള പദ്ധതി	3,26,769
2	ഉള്ളുപറമ്പ് 4 സെന്റ് കോളനി	ഊർങ്ങാട്ടിരി	ഏറനാട്	മിനി കുടിവെള്ള പദ്ധതി	4,05,122

ശുദ്ധജല വിതരണ പദ്ധതികൾ

147 (4433) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷം ഏതെല്ലാം ശുദ്ധജല വിതരണ പദ്ധതികൾ നബാർഡ് ധനസഹായത്തിനായി സമർപ്പിക്കുകയുണ്ടായെന്ന് വ്യക്തമാക്കുമോ; ഓരോ പദ്ധതിയുടെയും അടങ്കൽ തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) എപ്പോഴാണ് നബാർഡിന് പ്രോജക്ട് റിപ്പോർട്ടുകൾ സമർപ്പിച്ചതെന്നും നബാർഡ് അംഗീകാരം ഇതിനോടകം ലഭിക്കുകയുണ്ടായോ. എന്നും ഏതെല്ലാം പദ്ധതികൾക്ക് നബാർഡ് അംഗീകാരം ലഭിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷം നബാർഡ് ധനസഹായത്തിനായി ഏഴ് പദ്ധതികൾ സർക്കാർ സമർപ്പിക്കുകയുണ്ടായി. ഇവയുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) 28-11-2014-ൽ ധനകാര്യ വകുപ്പ് പ്രോജക്ട് റിപ്പോർട്ടുകൾ നബാർഡിന് സമർപ്പിച്ചു. പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതായുള്ള അറിയിപ്പൊന്നും ജലവിഭവ വകുപ്പിന് ലഭിച്ചിട്ടില്ല.

മണലൂർ നിയോജകമണ്ഡലത്തിലെ പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകളിലെ കുടിവെള്ള പ്രശ്നം

148 (4434) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിലെ പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകളിലെ കുടിവെള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബഹു. ജലവിഭവ വകുപ്പ് മന്ത്രിയുടെ നിർദ്ദേശപ്രകാരം 19-6-2014 -ൽ വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ യോഗം വിളിച്ചു ചേർത്തിരുന്നോ ;

(ബി) പ്രസ്തുത യോഗത്തിന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന്റെ പുരോഗതി അറിയിക്കുമോ ;

(സി) പാവറട്ടി പഞ്ചായത്തിലെ ഗുരുതരമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് lmld വെള്ളം അടിയന്തരമായി നൽകണമെന്ന ബഹു. മന്ത്രിയുടെയും എം.ഡി.യുടെയും ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 19-6-2014-ൽ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ യോഗം വിളിച്ചിരുന്നു.

(ബി) പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകളിലേക്കുള്ള കുടിവെള്ള പദ്ധതിക്കായി ഡി.ഇ.ആർ. തയ്യാറാക്കുന്നതിന് വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ നാട്ടിക പ്രോജക്ട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറോട് നിർദ്ദേശിച്ചിട്ടുണ്ട്. ഈ പഞ്ചായത്തുകൾക്ക് ഉൾപ്പെടെ നിർമ്മിക്കുന്ന 33 എം.എൽ.ഡി. ട്രീറ്റ്മെന്റ് പ്ലാന്റിന്റെയും വെൽ-കം-പമ്പ് ഹൗസിന്റെയും ടെണ്ടർ വിളിച്ചിട്ടുണ്ട്. ഗുരുവായൂർ മുനിസിപ്പാലിറ്റിക്കുവേണ്ടി നിലവിലുള്ള പദ്ധതിയിൽനിന്നും 100 മീറ്റർ പൈപ്പ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly